**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3885** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിദേശ രാജ്യത്തു നിന്നും അനധികൃതമായി ഇറക്കുമതി ചെയ്ത വാഹനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | വിദേശരാജ്യത്തുനിന്നും അനധികൃതമായി ഇറക്കുമതി ചെയ്ത വാഹനങ്ങൾ സംസ്ഥാനത്ത് റീ രജിസ്റ്റർ ചെയ്യുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നികുതി വെട്ടിക്കാനായി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ വാഹനത്തിന്റെ Purchase വിലയുടെ അടിസ്ഥാനത്തിലാണ് നികുതി ഈടാക്കുന്നത്. Purchase വില നിശ്ചയിക്കാൻ invoice ലഭ്യമല്ലാത്ത സാഹച ര്യത്തിൽ, അതേ സവിശേഷതകളുള്ള മറ്റൊരു വാഹനം രജിസ്റ്റർ ചെയ്തതിന്റ വിലയോ, നിർമ്മാതാവ് നിശ്ചയിച്ച വിലയോ, കസ്റ്റംസ് അല്ലെങ്കിൽ സെൻട്രൽ എക്സൈസ് വകുപ്പ് കസ്റ്റംസ് തീരുവ ഈടാക്കുന്നതിനായി നിശ്ചയിച്ച വിലയോ അടിസ്ഥാനമാക്കിയാണ് വില നിശ്ചയിക്കുന്നത്.<br><br>ഇറക്കുമതി ചെയ്തതോ ഇൻഡ്യൻ വിപണിയിൽ വിൽപനയിലില്ലാത്ത മോഡൽ/ബ്രാൻഡ് ആണെങ്കിൽ ഈ വാഹനം ഇംപോർട്ട് ചെയ്ത് കസ്റ്റംസ് തീരുവ അടച്ചതിന്റെ രേഖ ആവശ്യപ്പെടേണ്ടതാണെന്നും എല്ലാ ആർ ടി ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇംപോർട്ട് ചെയ്തിട്ടുള്ള വാഹനമാണെങ്കിൽ, വാഹന വിലയുടെ 160% ക സ്റ്റംസ് തീരുവ അടച്ചതിന്റെ രേഖ ആ വശ്യപ്പെടേണ്ടതാണെന്നും വാഹന വില ആനുപാതികമല്ലെങ്കിൽ അനധികൃതമായി രേഖകൾ തയ്യാറാക്കിയ വാഹനമാണെന്ന് സംശയിക്കേണ്ടതാണന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരം തട്ടിപ്പുകൾക്കായി വ്യാജരേഖ ഉണ്ടാക്കുന്നതും പരിവാഹൻ സൈറ്റിൽ അടക്കം തിരുത്തലുകൾ | (സി) | പരിവാഹൻ സോഫ്റ്റ് വെയർ കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ എൻ.ഐ.സി. ഡൽഹിയാണ് രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത |

| | | | |
|---|---|---|---|
| | വരുത്തുന്നതും തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | സോഫ്റ്റ് വെയർ രാജ്യത്തെ മിക്ക സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പ് ഉപയോഗിക്കുന്നത് പോലെ തന്നെയാണ് കേരളത്തിലും ഉപയോഗിച്ചുവരുന്നത്.കേരള സർക്കാരിന് നികുതി നഷ്ടം വരുത്തിയതായി കാണുന്നില്ല.<br><br>വിദേശത്തുനിന്നും അനധികൃതമായി ഇറക്കുമതി ചെയ്ത വാഹനങ്ങൾ സംസ്ഥാനത്ത് റീ രജിസ്റ്റർ ചെയ്യുന്ന സംഭവത്തിൽ എന്തൊക്കെ ക്രമക്കേടുകളാണ് നിലവിൽ നടന്നിരിക്കുന്നത് എന്നത് വ്യക്തമല്ല. എന്നിരുന്നാലും ഈ പ്രശ്നം വിശദമായി പഠിച്ച് സോഫ്റ്റ് വെയർ കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള അഭിപ്രായങ്ങൾ NIC ക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ